# Video Conference of Leaders of SAARC Countries

March 16, 2020

## SAARC രാജ്യങ്ങളിലെ നേതാക്കളുടെ വിഡിയോ കോൺഫറൻസിങ്
## മാർച്ച് 16, 2020

1. ലോകവ്യാപകമായ പകർച്ചവ്യാധിയായി ലോകാരോഗ്യസംഘടന(WHO) പ്രഖ്യാപിച്ച കോവിഡ് -19 പടർന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, സൗത്ത് ഏഷ്യൻ അസോസിയേഷൻ ഫോർ റീജിയണൽ കോപ്പറേഷന്റെ നേതാക്കൾ (SAARC) പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ക്ഷണം അനുസരിച്ച് 2020 മാർച്ച് 15 ന് വിഡിയോ കോൺഫറൻസിലൂടെ ആശയവിനിമയം നടത്തി

2. പകർച്ചവ്യാധിയുടെ നിലവിലെ അവസ്ഥകളെക്കുറിച്ചുള്ള വിലയിരുത്തലുകൾ പങ്കുവെയ്ക്കുന്നതിനു ഈ യോഗം നേതാക്കളെ സഹായിച്ചു. മികച്ച പ്രവർത്തനങ്ങൾ പരിഗണിക്കുന്നതിനും ഓരോ രാജ്യവും രോഗത്തെ തടഞ്ഞു നിർത്തുന്നതിനും വ്യാപന തോത് കുറക്കുന്നതിനും പൊതുജനങ്ങളിലെ ഭയം കുറക്കുന്നതിനും കൂടാതെ സാധ്യമായ സാമ്പത്തിക പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികളും മനസിലാക്കാനായി. വിഡിയോ കോൺഫറൻസിൽ പ്രധാനമന്ത്രിയ്ക്കൊപ്പം അഫഗാനിസ്ഥാൻ, മാലിദ്വീപുകൾ ശ്രീലങ്ക എന്നിവിടങ്ങളിലെ പ്രസിഡന്റുമാർ ബംഗ്ലാദേശ്, നേപ്പാൾ , ഭൂട്ടാൻ എന്നിവിടങ്ങളിലെ പ്രധാനമന്ത്രിമാർ , പാകിസ്ഥാൻ ആരോഗ്യമന്ത്രി, SAARC സെക്രട്ടറി ജനറൽ എന്നിവർ പങ്കെടുത്തു

3. . ഈ പൊതുവായ വെല്ലുവിളിയ്ക്കു മേലുള്ള പ്രാദേശിക സഹകരണത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ടുള്ള ഇത്തരമൊരു നടപടിയെ നേതാക്കൾ അഭിനന്ദിച്ചു, സങ്കീർണമായ, അതിർത്തി ഭേദമില്ലാത്ത വെല്ലുവിളികളെ നേരിടാൻ പ്രാദേശികമായ ഏകോപനത്തിനായി SAARC പ്രവിശ്യകൾ ഒരു ഉദാഹരണമാണെന്നും പ്രധാനമന്ത്രി മോഡി ചൂണ്ടി കാണിച്ചു. ഈ പശ്ചാത്തലത്തിൽ SAARC അത്യാഹിത പ്രതികരണ ഫണ്ടിനായി ആദ്യ 10 മില്യൺ ഡോളർ സംഭാവന ഇന്ത്യയിൽ നിന്ന് നൽകുന്നതുമാണെന്ന് അദ്ദേഹം പറഞ്ഞു. പകർച്ചവ്യാധിയുടെ അനന്തര പ്രത്യാഘാതങ്ങളെക്കുറിച്ച് വൈദ്യ, വ്യവസായ . സാമ്പത്തിക രംഗത്തെ ഉദ്യോഗസ്ഥരുമായി തുടർ ചർച്ചകൾ ആവശ്യമെന്നും ഇന്ത്യ സൂചിപ്പിച്ചു. കൂടാതെ SAARC അംഗത്വമുള്ള ഏതു രാജ്യത്തേയ്ക്കും പ്രത്യേകമായി തയാറാക്കിയ ആരോഗ്യ പ്രവർത്തകരും മറ്റു ഉദ്യോഗസ്ഥരും, ആവശ്യമായ ഉപകരണങ്ങളും അടങ്ങുന്ന ദ്രുത പ്രതികരണ സംഘങ്ങളെ നിയമിക്കാമെന്നും ഇന്ത്യ വാഗ്ദാനം ചെയ്തു. ഓൺലൈൻ പരിശീലന മൊഡ്യൂളുകൾ, കോവിഡ് -19 നെ നേരിടാൻ SAARC ഡിസാസ്റ്റർ മേനേജ് മെന്റ് സെന്ററിൽ നടപ്പിലാക്കുന്ന മികച്ച പ്രവർത്തനങ്ങൾ, എല്ലാ SAARC ഭാഷകളിലും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ഒരു വെബ്സൈറ്റ് എന്നിവ മുഖേനെ ക്രിയാശേഷി വർധിപ്പിക്കുന്നതിനുള്ള പിന്തുണയും ഇന്ത്യ വാഗ്ദാനം ചെയ്തു.രോഗം സംബന്ധിച്ച് ജാഗ്രത നിരീക്ഷണത്തിനായി ഏകോപിപ്പിച്ച ആരോഗ്യ വിവരങ്ങൾ ഉള്ള തങ്ങളുടെ സോഫ്റ്റ്വെയർ പങ്കു വയ്ക്കാമെന്നു ഇന്ത്യ പറഞ്ഞു.

4. കൂടാതെ ഭാവിയിൽ,SAARC രാജ്യങ്ങൾക്ക് രോഗനിർണയത്തിനായുള്ള ആശയങ്ങൾ പങ്കു വയ്ക്കുന്നതിനും പകർച്ചവ്യാധിയ്ക്കായുള്ള തെറാപ്പി സംബന്ധമായ ഇടപെടലുകൾക്കും ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചിന്റെ (ICMR) പ്ലാറ്റ്ഫോം വഴിയുള്ള പിന്തുണയും ഇന്ത്യ വാഗ്ദാനം ചെയ്തു.

5. SAARC രാജ്യങ്ങളുടെ സംസ്ഥാന മേധാവികളും സർക്കാരും ഈ ആശയങ്ങളെ സ്വാഗതം ചെയ്യുകയും കോവിഡ് -19 പകർച്ചവ്യാധിയ്ക്കെതിരായി കൂട്ടായി പ്രവർത്തിക്കുന്നതിന്റെ മൂല്യത്തെക്കുറിച്ച് ആവർത്തിക്കുകയും ചെയ്തു.

**ന്യൂ ഡൽഹി**
**16 മാർച്ച്, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA's website and may be referred to as the official press release.